LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 32459 പെൻഷൻകാരുണ്ട്. 2014-15 വർഷത്തെ താൽക്കാലിക കണക്കുപ്രകാരം പ്രതിമാസം പെൻഷനും മറ്റുമായി ശരാശരി 80.31 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) പെൻഷൻ പരിഷ്കരണത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) 1-4-2010 മുതൽ വൺ റാങ്ക് വൺ പെൻഷൻ പദ്ധതി വൈദ്യുതി ബോർഡിൽ നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഭൂമി കയ്യേറ്റങ്ങൾ

24 (391) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള അണക്കെട്ടുകളുടെ വൃഷ്ടിപ്രദേശങ്ങളിൽ എല്ലാം കൂടി എത്ര ഏക്കർ ഭൂമി നിലവിലുണ്ട്; വിശദമാക്കാമോ ;

(ബി) കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള എത്ര ഏക്കർ ഭൂമിയിൽ കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്; പ്രധാനമായും ഏതെല്ലാം സ്ഥലങ്ങളിലാണ് കയ്യേറ്റങ്ങൾ ഉണ്ടായിരിക്കുന്നത്; വിശദമാക്കാമോ ;

(സി) ഭൂമി കയ്യേറിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എത്ര ഏക്കർ ഭൂമി എവിടെയെല്ലാമായി തിരിച്ച് പിടിച്ചിട്ടുണ്ട് ; കയ്യേറ്റങ്ങൾ ഇപ്പോഴും തുടർന്നു വരുന്നതായി അറിയാമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ അണക്കെട്ടുകളുടെ വൃഷ്ടി പ്രദേശത്ത് ഫുൾ റിസർവോയർ ലെവൽ/പരമാവധി ജലനിരപ്പിനു മുകളിൽ (FRL/MWL), 10 chain (600ft) വീതിയുള്ള സ്ഥലം സുരക്ഷിത മേഖലയായി ഇന്ത്യൻ ഒഫീഷ്യൽ സീക്രട്ട് ആക്ട് 1923 പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇവയിൽ വനഭൂമി അല്ലാതെയുള്ള സ്ഥലങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമാണ്. എന്നാൽ ഇവയുടെ വേർതിരിച്ചുള്ള അളവുകൾ ലഭ്യമല്ല. ആനയിറങ്കൽ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് പരമാവധി ജലനിരപ്പിനുമുകളിൽ 169.3108 ഹെക്ടർ സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുണ്ട്.

(ബി) കയ്യേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റം സംബന്ധിച്ചുള്ള വിശദാംശങ്ങൾ തിട്ടപ്പെടുത്തി വരുന്നു.

(സി) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടി സ്വീകരിക്കാൻ കർശനമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ കയ്യേറ്റങ്ങൾ നടക്കുന്ന മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ ഇത് ഫലപ്രദമായി നേരിടാൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉദ്യോഗസ്ഥരെ നിയമിച്ചു കൊണ്ടുള്ള നടപടി സ്വീകരിച്ചു വരികയാണ്.

ബി.എസ്.ഇ.എസ് നിലയവുമായി വൈദ്യുതി വാങ്ങൽ കരാർ

25 (392) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിലയൻസിന്റെ ബി.എസ്.ഇ.എസ്. നിലയവുമായി വൈദ്യുതി വാങ്ങൽ കരാർ പുതുക്കേണ്ടത് ആവശ്യമാണെന്ന നിലപാട് കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) കരാർ പുതുക്കുന്നതിന് റിലയൻസ് ബി.എസ്.ഇ.എസ്. നിലയം സമർപ്പിച്ച ശിപാർശ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി സമർപ്പിച്ചിരുന്നോ ; ആയത് കമ്മീഷൻ അംഗീകരിച്ചോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡിന്റെ കൊച്ചിയിലുള്ള പവർ പ്ലാന്റുമായി ഉണ്ടായിരുന്ന കരാർ 1-11-2015 മുതൽ നാഫ്ത ഇന്ധനമാക്കി നിലനിർത്തിക്കൊണ്ട് ചില നിബന്ധനകൾക്ക് വിധേയമായി 2 വർഷത്തേക്ക് കൂടി നീട്ടാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിന്റെ മൊത്തം വൈദ്യുത ഉപഭോഗത്തിന്റെ ഏകദേശം 70 ശതമാനത്തോളം വൈദ്യുതി കേരളത്തിന് പുറത്ത് നിന്നാണ് ലഭ്യമാക്കുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ പുറത്ത് നിന്നുള്ള പ്രസരണ ലൈനുകൾ ലഭ്യമാകാതിരുന്നാൽ കേരളം ഇരുട്ടിലാവുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇതിനുപുറമേ ഏതെങ്കിലും കാരണവശാൽ മഴയുടെ ലഭ്യത കുറവുമൂലം കേരളത്തിനകത്തെ വൈദ്യുതി ഉൽപ്പാദനം കുറഞ്ഞാലും മേൽപ്പറഞ്ഞ സാഹചര്യം സംജാതമാകും കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനായി വിവിധ ഉല്പാദകരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ലൈനിന്റെ ലഭ്യത ഇനിയും ഉറപ്പായിട്ടില്ല.

മഴ കുറയുകയോ പുറത്തു നിന്നുള്ള പ്രസരണ ലൈനുകളിൽ എന്തെങ്കിലും പ്രശ്നം വരികയോ ചെയ്താൽ കേരളത്തിനകത്ത് ഉണ്ടാകാവുന്ന രൂക്ഷമായ വൈദ്യുതി ക്ഷാമം ഒഴിവാക്കാൻ വേണ്ടി പകരം ഉപയോഗിക്കാവുന്ന പ്ലാന്റായി ബി.എസ്.ഇ.എസ്. കേരളാ പവർ പ്ലാന്റിനെ രണ്ട് വർഷംകൂടി നിലനിർത്താൻ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly